(ഡി) ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻ സ്ഥിതിയിൽനിന്നും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ 18.03 കോടി രൂപ അവശേഷിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷം ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 13.26 കോടിയായി ചുരുക്കി. എൻ.ആർ.എൽ.എം. പദ്ധതിയിൽ ഫണ്ട് ചെലവഴിക്കപ്പെടാത്തതായ അവസ്ഥ ഇല്ല.

**സംയോജിത ശിശുവികസന പരിപാടി**

5 (*275) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശുവികസന പരിപാടിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ആറു വയസ്സിനു താഴെയുള്ള എത്ര ശതമാനം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ദളിത്-ആദിവാസി-മത്സ്യബന്ധന വിഭാഗത്തിലെ കുട്ടികളിലാണ് ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നതെന്ന് പഠന റിപ്പോർട്ടുകളിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

(ഡി) സംയോജിത ശിശുവികസന പദ്ധതി വ്യാപകവും സാർവ്വത്രികവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംയോജിത ശിശുവികസനപദ്ധതിവഴി പൂരകപോഷകാഹാര പദ്ധതി, അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ, ഹെൽത്ത് ചെക്കപ്പ് ആന്റ് റഫറൽ സർവ്വീസ്, ന്യൂട്രീഷൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ, കൗൺസിലിംഗ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫയർ, മെഡിസിൻ വിതരണം, പ്രീ-സ്കൂൾ കിറ്റുകൾ വിതരണം, സബല പദ്ധതി, ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന, കാര്യകർത്രി ബീമ യോജന, സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി മുതലായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ആറു വയസ്സിനു താഴെ പ്രായമുള്ള 27,08,620 കുട്ടികളിൽ അങ്കൻവാടി ഗുണഭോക്താക്കളായ 8,49,694 കുട്ടികൾക്ക്, അതായത് 31.37% കുട്ടികൾക്ക് ഐ.സി.ഡി.എസ്. പദ്ധതി മുഖാന്തരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നു. ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഓരോ മാസവും മാറ്റം വരുന്നതാണ്.

(സി) ദളിത്-ആദിവാസി-മത്സ്യബന്ധന വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന "റൈറ്റ്സ്" എന്ന സംഘടന ടി വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുതര പോഷകാഹാരക്കുറവുള്ള 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകി ഗുണകരമായ പോഷകാഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഐ.സി.ഡി.എസ്. വഴി നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സ്വീകരിച്ചുവരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ പരിരക്ഷ, പോഷകാഹാരം, മുലയൂട്ടൽ, പോഷണനിലവാരം, വളർച്ചാ നിരീക്ഷണം, അനീമിയ പ്രതിരോധ കുത്തിവെയ്പ്, ആദ്യ 1000 ദിവസത്തിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളിലാണ് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം ഐ.സി.ഡി.എസ്. പദ്ധതി സംബന്ധമായ വ്യാപകമായ ബോധവൽക്കരണവും പ്രചാരണവും നടത്തുന്നു. ടി മേഖലകളിലെ വിദഗ്ദരെ കൊണ്ട് ജില്ലാതല ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

2. ജില്ലാതലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർ, JPHN, LHI മാർ ഉൾപ്പെടെ 50 പേരടങ്ങുന്ന 4 ബാച്ചുകളിലായി പരിശീലനം നൽകുന്നു.

3. പ്രോജക്ട് തലത്തിൽ 75 പേരടങ്ങുന്ന 2 ബാച്ചുകളിലായി വർക്കേഴ്സിന് പരിശീലനം നൽകുന്നു. ജില്ലാതലത്തിൽ പരിശീലനം ലഭിച്ച സി.ഡി.പി.ഒ., സൂപ്പർവൈസർ, JPHN, LHI-മാർ വഴിയാണ് ടി പരിശീലനം നൽകുന്നത്.

## ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

6 (*276) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ രൂപീകരണത്തിനുശേഷം ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly